# തുർക്കി തെരഞ്ഞെടുപ്പും മതേതര ഇരട്ടത്താപ്പും

**പടിഞ്ഞാറിന്റെ** പ്രതീക്ഷകൾ തകിടം മറിച്ച് മതേതര തുർക്കി വീണ്ടും ഇസ്ലാമിസ്റ്റ് ബന്ധം പുലർത്തുന്ന പാർട്ടിയെ അധികാരത്തിലേറ്റിയിരിക്കുന്നു. വ്യഭിചാരം നിരോധിക്കുന്നതിനെയും പെണ്ണുങ്ങൾ തലമറയ്ക്കുന്നതിനെയും അനുകൂലിക്കുന്നതിലൂടെ തുർക്കിയെ ഇതാ മധ്യകാല ഘട്ടത്തിന്റെ 'ഇരുട്ടി'ലേക്ക് കൂട്ടിക്കൊണ്ടു പോവുന്നേ എന്ന പാശ്ചാത്യ മാധ്യമങ്ങളുടെയും ബുദ്ധിജീവികളുടെയും പ്രചാരണങ്ങളെ അതിജീവിച്ചുകൊണ്ടാണ് ജസ്റ്റിസ് ആന്റ് ഡെവലപ്മെന്റ് പാർട്ടി (എ.കെ പാർട്ടി)യുടെ ഈ വിജയമെന്നത് അതിനെ മധുരതരമാക്കുന്നു. അത്താതുർക്കിന്റെ മതേതരത്വം കടപുഴകുന്നുവെന്നതു പോലുള്ള നിലവിളികൾക്ക് ചെവികൊടുക്കാൻ യുവാക്കളടക്കമുള്ള വോട്ടർമാർ തയാറായില്ലെന്നതാണ് 48 ശതമാനം വോട്ട് നേടി പാർലമെന്റിൽ മികച്ച ഭൂരിപക്ഷം നേടിയ എ.കെ.പിയുടെ വിജയം തെളിയിക്കുന്നത്.

രസാഹവമെന്നു പറയട്ടെ, ഒരു തലമറയ്ക്കൽ വിവാദത്തിൽനിന്നാണ് നിശ്ചയിച്ചതിലും നേരത്തെ നടന്ന ഈ തെരഞ്ഞെടുപ്പിന്റെ തുടക്കം. പ്രസിഡന്റ് സ്ഥാനത്തേക്ക് ഭരണകക്ഷിയായ എ.കെ.പി അതിന്റെ സജീവ അംഗവും വിദേശകാര്യ മന്ത്രിയുമായ അബ്ദുല്ല ഗുല്ലിനെ നിർദേശിച്ചത് പ്രതിപക്ഷത്തിന് ഇഷ്ടപ്പെട്ടില്ല. കാരണമെന്തെന്നല്ലേ? അദ്ദേഹത്തിന്റെ പത്നി തലമറയ്ക്കുന്നത് രാഷ്ട്രത്തിന് നാണക്കേടാണത്രെ! പ്രഥമ വനിത തലമറച്ചുകൊണ്ട് പ്രസിഡന്റിന്റെ വസതിയിൽ - അതും കമാൽ അത്താതുർക്കിന്റെ പാരമ്പര്യം പേറുന്ന അതേ കെട്ടിടത്തിൽ- കഴിഞ്ഞുകൂടുന്നത് രാജ്യത്തിന് പൊറുപ്പിക്കാവുന്നതിലും അപ്പുറമാണെന്നാണ് മതേതരത്വത്തിന്റെ അപ്പോസ്തലന്മാർ കൂട്ടായി ഫത്വ നൽകിയത്. പാർലമെന്റിലെ ഒന്നാം റൗണ്ട് തെരഞ്ഞെടുപ്പിൽ അബ്ദുല്ല ഗുല്ലിന് ഭൂരിപക്ഷം ലഭിച്ചെങ്കിലും പ്രതിപക്ഷം സുപ്രീം കോടതിയെ സമീപിക്കുകയായിരുന്നു. തങ്ങൾ ബഹിഷ്കരിച്ചതിനാൽ, കോറം തികയാതെയാണ് വോട്ടെടുപ്പ് നടന്നതെന്നായിരുന്നു അവരുടെ പരാതി. കോടതിയാകട്ടെ, കഴിഞ്ഞ 50 വർഷത്തിനുള്ളിൽ നാലു ഗവൺമെന്റുകളെ അട്ടിമറിച്ച സൈനിക നേതൃത്വം വെബ്സൈറ്റ് വഴി പുറത്തുവിട്ട പരോക്ഷ ഭീഷണിയിൽ പകച്ച് പിറ്റേന്നുതന്നെ തെരഞ്ഞെടുപ്പു ഫലം റദ്ദാക്കുകയും ചെയ്തു. തുടർന്നാണ് നിശ്ചയിച്ചതിലും അഞ്ചു മാസം നേരത്തേ പൊതുതെരഞ്ഞെടുപ്പിന് റജബ് ത്വയ്യിബ് ഉർദുഗാന്റെ ഭരണകൂടം ശിപാർശ ചെയ്തത്.

പൊതുതെരഞ്ഞെടുപ്പിൽ, രാജ്യത്തിന്റെ സാമ്പത്തികോന്നമനത്തിന് തങ്ങൾ നൽകിയ സംഭാവനകൾ ഉയർത്തിക്കാട്ടി എ.കെ.പി ജനങ്ങളെ സമീപിച്ചപ്പോൾ പ്രതിപക്ഷത്തിന് പറയാനുണ്ടായിരുന്ന ഏക വിഷയം 'സെക്യുലരിസം' കാത്തുസൂക്ഷിക്കും എന്ന് മാത്രമായിരുന്നു. എന്നാൽ, കഴിഞ്ഞ ഏതാനും ദശകങ്ങളായി രാജ്യഭരണം കൈയാളിപ്പോന്ന സെക്യുലരിസ്റ്റുകളുടെ 'ഭരണപാടവ'ത്തെക്കുറിച്ച് നല്ല ബോധ്യമുണ്ടായിരുന്ന തുർക്കി ജനത ഇത്തവണ അവരെ മൂലക്കിരുത്തിയതിൽ തെല്ലും അത്ഭുതത്തിന് വകയില്ല. സ്വന്തം താൽപര്യസംരക്ഷണം മാത്രം ലക്ഷ്യം വെക്കുകയും രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി പാടെ മറക്കുകയും ചെയ്ത മതേതരവാദികൾക്ക് ബദലായി, കഴിഞ്ഞ അഞ്ചു വർഷമായി ഏഴു ശതമാനം ആഭ്യന്തര ഉൽപാദന വളർച്ചാ (ജി.ഡി.പി) തോത് നിലനിർത്തുകയും വൻ കയറ്റുമതിയിലൂടെ ലോകം മുഴുവൻ ടർക്കിഷ് ഉൽപന്നങ്ങൾ എത്തിക്കുകയും പണപ്പെരുപ്പവും നികുതിയും ശക്തമായി നിയന്ത്രിക്കുകയും ചെയ്ത എ.കെ.പി ഗവൺമെന്റ് പൊതുജനങ്ങൾക്ക് നല്ല മാതൃക കാണിച്ചുകൊടുത്തിരുന്നു. കേവലം 'മതമൗലികവാദികളായി' അവരെ ചിത്രീകരിക്കാനുള്ള പ്രതിപക്ഷത്തിന്റെയും അവരെ പിന്തുണക്കുന്ന മീഡിയയുടെയും ശ്രമത്തെ ജനം അർഹിക്കുന്ന അവജ്ഞയോടെ തള്ളുകയും ചെയ്തതാണ് തെരഞ്ഞെടുപ്പു ഫലത്തിൽ പ്രതിഫലിക്കുന്നത്.

മെയ് ആദ്യം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതു മുതൽ നടന്ന പ്രചാരണ കോലാഹലങ്ങളിൽ ഏറ്റവുമധികം മുഴങ്ങിക്കേട്ടത് രാജ്യത്ത് പള്ളിയും ഭരണകൂടവും ഒന്നാക്കാനുള്ള ശ്രമങ്ങളാണ് എ.കെ.പി നടത്തുന്നത് എന്നായിരുന്നു. തുർക്കിക്കകത്ത് പ്രത്യേകിച്ചും യൂറോപ്പിൽ പൊതുവെയും മീഡിയയാണ് ഇത്തരം പ്രചാരണങ്ങൾക്ക് നേതൃത്വം കൊടുത്തത്. അതിന് നിരത്തിയ ഉദാഹരണങ്ങളാണ് രസാവഹം. വ്യഭിചാരം കുറ്റകൃത്യമായി പരിഗണിക്കണമെന്നുള്ള ഭരണകക്ഷിയുടെ നിർദേശമാണ് അതിലൊന്ന്! മറ്റൊന്ന്, പ്രധാനമന്ത്രിയുടെയും വിദേശ കാര്യമന്ത്രിയുടെയും ഭാര്യമാർ തലമറയ്ക്കുന്ന എ.കെ.പി മൊത്തത്തിൽ ശിരോവസ്ത്രത്തെ അനുകൂലിക്കുന്നത് രാജ്യത്ത് നിലനിൽക്കുന്ന ശിരോവസ്ത്ര

നിരോധം എടുത്തുകളയാൻ കാരണമായേക്കും! തങ്ങൾ ഒരു മതാധിഷ്ഠിത പാർട്ടിയല്ലെന്ന് വ്യക്തമാക്കുമ്പോൾതന്നെ, മതപരമായ ആചാരങ്ങൾക്ക് വിലക്കേർപ്പെടുത്തുന്നത് ആഗോളതലത്തിൽതന്നെ സ്വീകാര്യമല്ലാത്ത നിലപാടാണെന്ന് വാദിക്കുകയായിരുന്നു ഭരണകക്ഷിയംഗങ്ങൾ. ലോകത്ത് ഒരു സമൂഹവും വ്യഭിചാരത്തെ നല്ലതായി കരുതുന്നില്ലെന്ന് മാത്രമല്ല, പരിഷ്കൃത സമൂഹങ്ങൾ അത് നിയന്ത്രിക്കാൻ നിയമനിർമാണങ്ങൾ നടത്തിയിട്ടുമുണ്ട്. ഇസ്‌ലാം വ്യഭിചാരത്തെ കർശനമായി നേരിടുന്നത് അത് കുടുംബബന്ധങ്ങളിലുണ്ടാക്കുന്ന വിള്ളലുകളും സമൂഹത്തിന്റെ ഭദ്രതയെ അത് തകർക്കുന്നതിനാലുമാണ്. വ്യഭിചാരം അനുവദിക്കുന്ന സമൂഹങ്ങളിൽതന്നെ ഭരണാധികാരികളുടെയും ഉന്നത വ്യക്തികളുടെയും സദാചാരത്തകർച്ച കാര്യമായ വിവാദങ്ങൾക്ക് തിരികൊളുത്തുന്നത് കണ്ടില്ലെന്ന് നടിക്കാനാവില്ല. ശിരോവസ്ത്രത്തെ സംബന്ധിച്ചാണെങ്കിൽ, സ്ത്രീസ്വാതന്ത്ര്യത്തിനോ അവസരസമത്വത്തിനോ അത് തടസ്സമല്ലെന്നത് ഇന്ന് അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. പാശ്ചാത്യ രാജ്യങ്ങളിൽ വരെ ശിരോവസ്ത്രധാരിണികൾ ഉന്നത പദവികൾ അലങ്കരിക്കുന്നത് പതിവായിരിക്കുന്നു- ഇങ്ങനെ പോയി എ.കെ.പിയുടെ പ്രചാരണങ്ങൾ. തങ്ങൾ തുർക്കിയുടെ നാറ്റോയിലെ പങ്കാളിത്തം ശക്തിപ്പെടുത്തുമെന്നും യൂറോപ്യൻ യൂനിയനിൽ അംഗത്വം നേടിക്കൊടുക്കാൻ കാര്യമായിത്തന്നെ പരിശ്രമിക്കുമെന്നും ജനങ്ങൾക്ക് അവർ വാക്കു കൊടുത്തു.

എ.കെ.പിയുടെയും പ്രധാന പ്രതിപക്ഷമായ റിപ്പബ്ലിക്ക് പാർട്ടി (സി.എച്ച്.പി)യുടെയും കൊമ്പുകോർക്കലിൽ മുഖ്യധാരാ മീഡിയ വ്യക്തമായ പക്ഷം പിടിച്ചു. യൂനിവേഴ്സിറ്റി വിദ്യാർഥികളിൽ പാശ്ചാത്യ ചിന്തകൾ ഇഷ്ടപ്പെടുന്നവരെ തെരഞ്ഞുപിടിച്ച് ഭാവി തുർക്കിയുടെ പ്രതീക്ഷകളായി അവതരിപ്പിച്ചപ്പോൾ, മുരട്ടു മതേതരവാദത്തിന്റെ ഇരകളായ ഭൂരിപക്ഷം ജനതയുടെ വികാരങ്ങളറിയാൻ ആരും മെനക്കെട്ടില്ല. അത്തരം അനുഭവങ്ങളിലൊന്നിതാ: 1999-ൽ ഹുദ കയ എന്ന സ്ത്രീയെയും അവരുടെ രണ്ട് പെൺമക്കളെയും തുർക്കി പോലീസ് കോടതി കയറ്റി. ടർക്കിഷ് റിപ്പബ്ലിക്കിനെ നിർബന്ധപൂർവം തകർക്കാൻ ശ്രമിച്ചുവെന്നതായിരുന്നു അവർക്കെതിരിലുള്ള കുറ്റം. അക്കാലത്ത് വധശിക്ഷ വരെ ലഭിക്കാൻ സാധ്യതയുള്ള 'കുറ്റം'. എന്തായിരുന്നിരിക്കാം അവർ ചെയ്തിട്ടുണ്ടാവുക? യൂനിവേഴ്സിറ്റിയിൽ ശിരോവസ്ത്ര നിരോധനത്തിനെതിരെ നടന്ന ഒരു പ്രകടനത്തിൽ പങ്കെടുത്തു! അത്രമാത്രം. സ്ത്രീകൾക്ക് സ്വന്തം ശരീരം സ്വാഭീഷ്ടമനുസരിച്ച് മറയ്ക്കാനുള്ള അവകാശം ചോദിക്കുന്നത് വധശിക്ഷ വിധിക്കാനുള്ള കുറ്റമാകുന്നത് മനുഷ്യാവകാശങ്ങളുടെ അപ്പോസ്തലന്മാർക്ക് തീരെ പ്രശ്നമായില്ല. ലിബിയയിൽ 500-ാളം കുഞ്ഞുങ്ങളെ എയിഡ്സ് വൈറസ് കുത്തിവെച്ചതിന് ജയിലിലായ ബൾഗേറിയൻ നഴ്സുമാരുടെ വക്കാലത്ത് ഏറ്റെടുത്ത ആഗോള മീഡിയയുടെ ഒരു കറസ്പോണ്ടന്റിനെയും ഇവിടെയൊന്നും കാണാനില്ലായിരുന്നു!

എന്നാൽ, മീഡിയയുടെ ഇത്ര കടുത്ത തമസ്കരണങ്ങൾക്കൊന്നും തുർക്കി ജനതക്ക് തങ്ങൾക്കിഷ്ടപ്പെട്ട ഗവൺമെന്റിനെ തെരഞ്ഞെടുക്കാനുള്ള അഭിപ്രായം രൂപപ്പെടുത്തുന്നതിൽ ഒരു സ്വാധീനവും ചെലുത്താനായില്ല. 1923-ൽ കമാൽ അത്താതുർക്ക് തൊടുത്തുവിട്ട കടുത്ത മതവിരുദ്ധ ആശയങ്ങളെ നിരാകരിച്ച് തങ്ങളുടെ വ്യക്തിത്വവും അസ്തിത്വവും നിലനിർത്തിക്കൊണ്ടുതന്നെ ആധുനിക ലോകത്തിന്റെ ഭാഗമാകാമെന്ന് തെളിയിക്കുകയായിരുന്നു ടർക്കിഷ് ജനത ഈ തെരഞ്ഞെടുപ്പിലൂടെ.

തെരഞ്ഞെടുപ്പുഫലങ്ങൾ പുറത്തുവന്നതിനു ശേഷം നടക്കുന്ന മാധ്യമചർച്ചയുടെ ആകത്തുകയും ഇസ്‌ലാമിസ്റ്റ് സ്വാധീനം മതേതര തുർക്കിയെ എങ്ങനെ ബാധിക്കുമെന്നാണ്. പല ചർച്ചകളിലും യുക്തിയുടെയും സ്വബോധത്തിന്റെയും അംശം തൊട്ടുതീണ്ടിയിട്ടില്ല. അബ്ദുല്ല ഗുല്ലിനെ രണ്ടാമതും പ്രസിഡന്റ് സ്ഥാനത്തേക്ക് നിർദേശിക്കുകയാണെങ്കിൽ തങ്ങൾ വോട്ടു ചെയ്യാത്തവരുടെ ആശങ്കകളെ പരിഗണിക്കാൻ ഉർദുഗാൻ ഗവൺമെന്റ് തയാറില്ലെന്ന് വരുമെന്നാണ് ഒരു പത്രം എഴുതിയത്. അപ്പോൾ വോട്ടു ചെയ്ത ഭൂരിപക്ഷത്തിന്റെ താൽപര്യം പരിഗണിക്കണ്ടേയെന്ന് സ്വയം ചോദിക്കാൻ മെനക്കെടാത്ത പേനയുന്തികളെക്കുറിച്ച് എന്തു പറയാൻ!

രാഷ്ട്രത്തിന്റെ മുഖഛായ മാറ്റിയ സാമ്പത്തിക പരിഷ്കരണങ്ങളാണ് എ.കെ പാർട്ടിയുടെ തെരഞ്ഞെടുപ്പു വിജയത്തിന്റെ അടിത്തറയെന്നത് സമ്മതിക്കെത്തന്നെയാണ് മുഖ്യധാരാ മാധ്യമങ്ങൾ ഇത്തരം കപടസന്ദേഹങ്ങളുയർത്തുന്നുവെന്നതാണ് ആശ്ചര്യകരം. ഉദാഹരണത്തിന് 'ഇക്കണോമിസ്റ്റി'ന്റെ അങ്കാറ കറസ്പോണ്ടന്റ് അംബരിൻ സമാൻ എഴുതുന്നത് കാണുക: "രാജ്യത്തിന്റെ ആരോഗ്യകരമായ സാമ്പത്തിക വളർച്ചതന്നെയാണ് എ.കെ പാർട്ടിയുടെ വിജയത്തിന്റെ നിദാനം. പ്രതിവർഷം ഏഴു ശതമാനം എന്ന തോതിലാണ് ഈ വളർച്ച. ഒരു ശരാശരി തുർക്കി പൗരൻ, പ്രത്യേകിച്ചും പാവപ്പെട്ടവൻ, തന്റെ ദൈനംദിന ജീവിതം വളരെയധികം മെച്ചപ്പെട്ടതായി മനസ്സിലാക്കുന്നു. ഇത്തരക്കാരെ സഹായിക്കാൻ എ.കെ പാർട്ടി ധാരാളം നല്ല നടപടികൾ കൈക്കൊണ്ടു. ഗ്രാമപ്രദേശങ്ങളിൽ പോയാൽ ധാരാളം ആളുകൾ അത് നിങ്ങളോട് പറഞ്ഞുതരും."

tajaluva@gmail.com